LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനത്ത് ഭക്ഷ്യ സംസ്കരണ മിഷന്റെ നോഡൽ ഏജൻസി കിൻഫ്രയാണ്. കേന്ദ്ര ഭക്ഷ്യ സംസ്കരണ മന്ത്രാലയം രൂപീകരിച്ച ദേശീയ ഭക്ഷ്യ സംസ്കരണ മിഷൻ അനുസരിച്ച് സംസ്ഥാനത്ത് സംസ്ഥാന ഭക്ഷ്യ സംസ്കരണ മിഷൻ ഏപ്രിൽ 2012-ൽ നിലവിൽ വന്നു. കേന്ദ്ര ഭക്ഷ്യ സംസ്കരണ മന്ത്രാലയത്തിന്റെ ദേശീയ ഭക്ഷ്യ സംസ്കരണ മിഷന്റെ മാർഗ്ഗ നിർദ്ദേശം അനുസരിച്ച് സാമ്പത്തിക സഹായത്തിന്റെ കേന്ദ്രവിഹിതം 75 ശതമാനവും സംസ്ഥാന വിഹിതം 25 ശതമാനവുമാണ്. കൂടാതെ വിവിധ പരിശീലന പരിപാടികൾ, സ്കിൽ ഡെവലപ്മെന്റ് പ്രോഗ്രാമുകൾ, ടെക്നോളജി ക്ലിനിക്, എക്സിബിഷനുകൾ എന്നിവ താലൂക്ക്, ജില്ലാ സംസ്ഥാന തലങ്ങളിൽ നടത്തിയതിന്റെ ഫലമായി മികച്ച വളർച്ചാ നിരക്കാണ് കാണിച്ചിട്ടുള്ളത്. സംസ്ഥാനത്തിന്റെ നിക്ഷേപത്തിന്റെ കാര്യത്തിലും തൊഴിലവസരങ്ങളുടെ കാര്യത്തിലും വ്യവസായ യൂണിറ്റുകളുടെ എണ്ണത്തിന്റെ കാര്യത്തിലും കയറ്റുമതി വരുമാനത്തിന്റെ കാര്യത്തിലും ഭക്ഷ്യ സംസ്കരണ മേഖലയാണ് കേരളത്തിൽ മുന്നിട്ട് നിൽക്കുന്നത്.

(സി) കാർഷിക വിഭവ ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് വ്യവസായ വകുപ്പിന് പ്രത്യേക പദ്ധതികളില്ല. എന്നിരുന്നാലും കാർഷിക മൂല്യവർദ്ധിത വിഭവങ്ങളുടെ ഉല്പാദനത്തിന് ഭക്ഷ്യ സംസ്കരണ മേഖലയേയും സംരംഭകത്വ സഹായ പദ്ധതിയിൽ മൂൽഗണന വിഭാഗത്തിൽ ഉൾപ്പെടുത്തി അധിക സാമ്പത്തിക സഹായം നൽകി വരികയും ഈ മേഖലയിൽ പ്രോത്സാഹനം നൽകുന്നതിനായി വിവിധ പരിശീലന പരിപാടികൾ, സ്കിൽ ഡെവലപ്മെന്റ് പ്രോഗ്രാമുകൾ, ടെക്നോളജി ക്ലിനിക്, എക്സിബിഷനുകൾ എന്നിവ താലൂക്ക്, ജില്ല, സംസ്ഥാന തലങ്ങളിൽ നടത്തി വരുന്നു.

ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ്

23(*203) ശ്രീ. തോമസ് ഉണ്ണിയാടൻ :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. സി. എഫ്. തോമസ് :
ശ്രീ. റ്റി. യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡിന്റെ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നത് ;

(ബി) ടൈറ്റാനിയം സ്പോഞ്ചിന്റെ നിർമ്മാണം വർദ്ധിപ്പിക്കുന്നതിനും കയറ്റുമതി സാധ്യതകൾ കണ്ടെത്തുന്നതിനും നടപടി സ്വീകരിക്കുമോ ;

(സി) ഇവിടെ നിന്നും പുറംതള്ളുന്ന ഫെറസ് സൽഫേറ്റ് കലർന്ന മലിനജലം സംസ്കരിച്ച് വ്യവസായിക പ്രാധാന്യമുള്ള ഫെറിക് ഓക്സൈഡ് നിർമ്മിക്കുന്നതിനും, പ്ലാന്റുകൾ നവീകരിക്കുന്നതിനും, ഉൽപാദനക്ഷമത വർദ്ധിപ്പിക്കുന്നതിനുമായി ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെയുള്ള അടിയന്തര നടപടികൾ സ്വീകരിക്കുമോ ?

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി):

(എ) 1946-ൽ സ്ഥാപിതമായ ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡിന്റെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനായി പ്ലാന്റിന്റെ ആധുനികവത്കരണം, ഫലപ്രദമായ മലിനീകരണ നിവാരണ സംവിധാനം, മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ നിർമ്മാണം എന്നിവയാണ് ലക്ഷ്യമിടുന്നത്. ഇതിന്റെ ഭാഗമായുള്ള മലിനീകരണ നിയന്ത്രണ പ്ലാന്റിന്റെ നിർമ്മാണം പൂർത്തീകരിച്ച് പ്രവർത്തന സജ്ജമാക്കുന്നതിനുള്ള പ്രവൃത്തികൾ നടന്നുവരികയാണ്. ഇതോടൊപ്പംതന്നെ 10 കോടി രൂപയുടെ സൾഫ്യൂറിക് ആസിഡ് പ്ലാന്റിന്റെ നവീകരണ പദ്ധതി സർക്കാരിന്റെ പരിഗണനയിലാണ്. കൂടാതെ ഊർജ്ജക്ഷമത വർദ്ധിപ്പിക്കുന്നതിനായി നിലവിലെ യന്ത്ര സാമഗ്രികളുടെ ഐഡിയൽ സമയം കുറച്ചും ആസിഡ് പ്ലാന്റിലെ ഡൈജസ്റ്ററിന്റെ കാര്യക്ഷമത വർദ്ധിപ്പിച്ചും ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു.

(ബി) കേരള മിനറൽസ് ആന്റ് മെറ്റൽസ് ലിമിറ്റഡിലാണ് (കെ.എം.എം. എൽ.) ടൈറ്റാനിയം സ്പോഞ്ച് ഉല്പാദിപ്പിക്കുന്നത്. വിക്രം സാരാഭായി സ്പെയ്സ് സെന്ററിന്റെ പൂർണ്ണ സാമ്പത്തിക സഹായത്തോടെ അവർക്ക് ആവശ്യമായ ടൈറ്റാനിയം സ്പോഞ്ച് ലഭ്യമാക്കുന്നതിനുവേണ്ടിയാണ് പ്രസ്തുത പദ്ധതി തുടങ്ങിയത്. എന്നാൽ കരാർ പ്രകാരമുള്ള ഓർഡർ വി.എസ്.എസ്.സി.-യിൽ നിന്ന് ലഭ്യമാക്കാത്തതുകൊണ്ട് ലക്ഷ്യമിട്ടിരുന്ന പ്രവർത്തന മികവ് കൈവരിക്കുവാൻ സാധിച്ചിട്ടില്ല. ടൈറ്റാനിയം സ്പോഞ്ചിന്റെ അനാരോഗ്യകരമായ ഇറക്കുമതിമൂലം ഉല്പാദനച്ചെലവിന് ആനുപാതികമായ വിലയും വിപണിയും ലഭിക്കാത്തതാണ് പ്രധാന വെല്ലുവിളി. എന്നിരുന്നാലും ഐ.എസ്.ആർ.ഒ., ഇന്ത്യൻ നേവി തുടങ്ങിയ ടൈറ്റാനിയം സ്പോഞ്ച് ആവശ്യമുള്ള മേഖലകളിൽ നിന്ന് ഓർഡർ ലഭ്യമാകുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) ടി.ടി.പി.-യിൽനിന്നും പുറംതള്ളുന്ന ഫെറസ് സൾഫേറ്റിൽനിന്ന് ഫെറിക് ഓക്സൈഡ് നിർമ്മിക്കുന്ന പദ്ധതി ചെലവ് കൂടിയതാണ്. കമ്പനിയുടെ നിലവിലെ സാമ്പത്തിക സ്ഥിതി പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ പര്യാപ്തമല്ല. കമ്പനിയിൽ നടപ്പിലാക്കുന്ന മലിനീകരണ പദ്ധതിയായ കോപ്പറാസ് റിക്കവറി പ്ലാന്റിന്റെ പ്രവർത്തനം സജ്ജമാകുമ്പോൾ മലിനജലത്തിൽനിന്ന് ഫെറസ് സൾഫേറ്റ് വേർതിരിച്ചെടുക്കാൻ സാധിക്കുന്നതാണ്. ഇതുമൂലം ടൈറ്റാനിയം ഡയോക്സൈഡിന്റെ ഗുണമേന്മ വർദ്ധിക്കുകയും വ്യാവസായിക പ്രാധാന്യമുള്ള ഫൈബർ ഗ്രേഡ് ടൈറ്റാനിയം ഡയോക്സൈഡിന്റെ ഉല്പാദനവും സാധ്യമാക്കാവുന്നതാണ്.

പട്ടികവർഗ്ഗക്കാർക്ക് ഭൂമിയും പാർപ്പിടവും

24(*204) ശ്രീ. ബി. സത്യൻ :
ശ്രീ. കെ. രാധാകൃഷ്ണൻ :
ശ്രീ. പുരുഷൻ കടലുണ്ടി :
ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗക്കാർക്ക് ഭൂമിയും പാർപ്പിടവും നല്കുന്ന പദ്ധതിയുടെ നിലവിലെ അവസ്ഥ വിശദമാക്കുമോ;

(ബി) പദ്ധതി പ്രാവർത്തികമാക്കുന്നതിലെ കാലതാമസത്തിന്റെ കാരണം വ്യക്തമാക്കുമോ;

(സി) പദ്ധതിയുടെ പൂർത്തീകരണം എന്നത്തേക്ക് സാധിക്കുമെന്ന് വിശദാംശം സഹിതം വ്യക്തമാക്കുമോ?

പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ജയലക്ഷ്മി):

(എ) പട്ടികവർഗ്ഗക്കാർക്ക് ഭൂമി:

2014-ൽ പട്ടികവർഗ്ഗ വികസന വകുപ്പ് ശേഖരിച്ച കണക്കുപ്രകാരം സംസ്ഥാനത്ത് 10517 ഭൂരഹിതരുണ്ട്. പട്ടികവർഗ്ഗത്തിൽപ്പെട്ട ഭൂരഹിതർക്ക് ഭൂമി നൽകുന്നതിനായി ടി.ആർ.ഡി.എം. വനാവകാശ നിയമം, ആശിക്കുന്ന ഭൂമി ആദിവാസിക്ക് സ്വന്തം എന്നിവയിലൂടെ പട്ടികവർഗ്ഗ വികസന വകുപ്പും കെ.എസ്.റ്റി. ആക്ട്, ഭൂരഹിത കേരളം എന്നീ പദ്ധതികളിലൂടെ റവന്യൂ വകുപ്പും ഭൂമി വിതരണം ചെയ്യുവരുന്നു. *

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly